ബൈക്ക് മതിലിൽ ഇടിച്ച് രണ്ടു യുവാക്കൾ മരിച്ചു

ആരോൺ,

നേഥൽ

മരട്: പേട്ട മെട്രോ സ്റ്റേഷന് സമീപം ബൈക്ക് നിയന്ത്രണം തെറ്റി മതിലിൽ ഇടിച്ച് രണ്ട് യുവാക്കൾ മരിച്ചു.

മരട് തോട്ടത്തിപറമ്പ് മെയ് ഫസ്റ്റ് റോഡിൽ ചക്കാലായിൽ ബോർജ്യോ മകൻ ആരോൺ ബോർഗിയോ (20), കൂടെ യാത്ര ചെയ്തിരുന്ന തൃശൂർ കൊടകര മൂന്നുമുറി പെരേപ്പാടൻ വീട്ടിൽ നിക്സൺ ആന്റണിയുടെ മകൻ നേഥൻ നിക്സൺ (20) എന്നിവരാണ് മരിച്ചത്.

ചമ്പക്കര സ്കൂളിന് എതിർവശത്ത് ഇന്നലെ പുലർച്ചെ 1.52ഓടെയായിരുന്നു അപകടം.

വൈറ്റില ഭാഗത്ത് നിന്ന് അമിത വേഗതയിൽ വരികയായിരുന്ന ബൈക്ക്, കാറിനെ മറികടന്ന് വളവിൽ നിയന്ത്രണം തെറ്റി ഫുട്പാത്തിൽ കയറി സമീപത്തെ മതിലിൽ ഇടിച്ച് കയറുകയായിരുന്നു. രണ്ടു പേരെയും മരട് പോലീസെത്തി മറ്റൊരു വാഹനത്തിൽ കയറ്റി ആശുപത്രിയിലെത്തിച്ചു.

നെഥേൽ സംഭവ സ്ഥലത്തും ആരോൺ ആശുപത്രിയിൽ ഇന്നലെ രാവിലെ 10.30 ഓടെയുമാണ് മരിച്ചത്. എറണാകുളം ജനറൽ ആശുപത്രിയിൽ പോസ്റ്റ്മോർട്ടത്തിന് ശേഷം ആരോണിന്റെ മൃതദേഹം മോർച്ചറിയിൽ സൂക്ഷിരിക്കുകയാണ്. വിദേശത്തുനിന്ന് പിതാവ് ഇന്ന് എത്തിയതിന് ശേഷം തൈക്കൂടം പള്ളിയിൽ വൈകിട്ട് സംസ്കരിക്കും.

സെന്റ് ആൽബർട്സ് കോളജിലെ ഡിഗ്രി വിദ്യാർഥിയാണ് ആരോൺ. മാതാവ്: ജെസി. സഹോദരങ്ങൾ: അലീന, അലീറ്റ.

നേഥന്റെ മൃതദേഹം വെള്ളിയാഴ്ച രാത്രി 7.30ഓടെ കറുകുറ്റി പള്ളിയിൽ സംസ്കരിച്ചു. രാജഗിരി കോളജിലെ ഡിഗ്രി വിദ്യാർഥിയാണ് നേഥൻ. മാതാവ്: മഞ്ജു.

ആംഗ്യത്തിന്റെ സ്നേഹഭാഷ പകർന്ന സിസ്റ്റർ അഭയ ഇന്ന് പടിയിറങ്ങും

സ്വന്തം ലേഖിക

കൊച്ചി: 'എല്ലാവർക്കും ഈ കുഞ്ഞുങ്ങളുമായി സംവദിക്കാൻ പറ്റിയെന്നുവരില്ല, ഒരു പക്ഷേ, മാതാപിതാക്കൾക്കു പോലും. അവരെ ചേർത്തു നിർത്തി അവരുടെ ഉള്ളിലെ സന്തോഷവും സങ്കടവുമൊക്കെ ഒപ്പിയെടുക്കുമ്പോൾ ആ മുഖത്ത് വിടരുന്ന ചിരി പറഞ്ഞറിയിക്കാൻ കഴിയില്ല. ഈ സേവനത്തിന് അതിർത്തിയില്ല...'- മൂകരും ബധിരരുമായ കുഞ്ഞുങ്ങളെ വർഷങ്ങളോളം ചേർത്തുപിടിച്ച മാണിക്യമംഗലം സെന്റ് ക്ളെയർ ഓറൽ ഹയർ സെക്കൻഡറി ബധിര വിദ്യാലയത്തിലെ പ്രിൻസിപ്പൽ സിസ്റ്റർ അഭയ ഫ്രാൻസിസിന്റെ വാക്കുകളാണിത്. 32 വർഷം ഈ കുഞ്ഞുങ്ങൾക്ക് അമ്മയായിരുന്ന സിസ്റ്റർ അഭയ ഇന്ന് അധ്യാപന ജീവിതത്തിൽ നിന്ന് വിരമിക്കും.

1993ലാണ് സിസ്റ്റർ അഭയ ഈ വിദ്യാലയത്തിൽ എത്തുന്നത്. എൽകെജി മുതൽ ഡിഗ്രി വരെയുള്ള ആയിരത്തിലധികം മൂകരും ബധിരരുമായ വിദ്യാർഥികൾക്ക് ആംഗ്യഭാഷയിലൂടെ സിസ്റ്റർ കരുതലൊരുക്കി. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള 230 ൽ അധികം കുട്ടികളാണ് ഇന്ന് മാണിക്യമംഗലം സ്കൂളിലുള്ളത്. ഇവിടെ നിന്ന് പഠിച്ചിറങ്ങിയവരിൽ സർക്കാർ ഉദ്യോഗസ്ഥരും എൻജിനിയർമാരുമൊക്കെയുണ്ടെന്ന് പ്രിൻസിപ്പൽ കൂടിയായ സിസ്റ്റർ അഭിമാനത്തോടെ പറയുന്നു.

ശബ്ദമില്ലാത്തവരുടെ ശബ്ദം

അധ്യാപിക എന്ന പദവിക്കൊപ്പം സംസാരശേഷിയുള്ളവർ പ്രതികളാകുന്ന കേസുകളിൽ അവർക്ക് നീതി ഉറപ്പാക്കാനും സിസ്റ്റർ അഭയ മുന്നിലുണ്ടാകും. മൊഴിയെടുപ്പ്, വിധിന്യായം എന്നിവ ആംഗ്യഭാഷയിൽ പരിഭാഷപ്പെടുത്തി നൽകാൻ സിസ്റ്റർ പലപ്പോഴും കോടതിയിലെത്താറുണ്ട്. ഇതര സംസ്ഥാനങ്ങളിൽ നിന്ന് കേരളത്തിൽ എത്തിപ്പെടുന്ന ബധിരരും മൂകരുമായ കുട്ടികളോട് കാര്യങ്ങൾ ചോദിച്ച് മനസിലാക്കാൻ പോലീസ് ഉദ്യോഗസ്ഥർ ആദ്യം വിളിക്കാറുള്ളതും സിസ്റ്ററിനെ തന്നെ.

സിസ്റ്റർ അഭയ ഫ്രാൻസിസ്

പഠനം പൂർത്തിയാക്കിയ വിദ്യാർഥികളുടെ ജോലിക്കാര്യം മാത്രമല്ല അവർക്ക് ജീവിത പങ്കാളിയെ കണ്ടെത്താനുള്ള മാട്രിമോണിയൽ സഹായവും കെസിബിസിയുടെ സഹകരണത്തിൽ സിസ്റ്റർ ഒരുക്കി നല്കുന്നുണ്ട്. മാർപ്പാപ്പയുടെ വചനങ്ങളും ലേഖനങ്ങളും കെസിബിസി മീഡിയ കമ്മീഷന്റെ നേതൃത്വത്തിലുള്ള സൈൻ ഓഫ് ലവ് എന്ന ഓൺലൈൻ മീഡിയ ചാനലിലൂടെ ആംഗ്യഭാഷയിൽ അവതരിപ്പിക്കുന്നുമുണ്ട്.

സംസ്ഥാനത്തെ വിവിധ വിദ്യാലയങ്ങളിൽ മോട്ടിവേഷണൽ ക്ലാസ്, മാതാപിതാക്കൾക്കും യുവതി യുവാക്കൾക്കുമുള്ള ബോധവത്ക്കരണ ക്ലാസ് എന്നിവയും സിസ്റ്റർ നൽകുന്നുണ്ട്. കേരളത്തിലെ ഇതര വിദ്യാലയങ്ങളിൽ ഉള്ള അധ്യാപകരെയും അനധ്യാപകരെയും ആംഗ്യഭാഷ പഠിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാർ ഒരുക്കിയിരിക്കുന്ന മൂന്ന് അംഗ പാനലിലും സിസ്റ്റർ അഭയയുണ്ട്.

കെസിബിസി ബൈബിൾ കമ്മീഷന്റെ നേതൃത്വത്തിൽ ഇന്ത്യയിൽ ആദ്യമായി ബൈബിളിലെ ഭാഗങ്ങൾ ആംഗ്യഭാഷയിലാക്കി എഫാത്ത സൈൻ ബൈബിൾ ഇതിനോടകം സിസ്റ്റർ പ്രകാശനം ചെയ്തിട്ടുണ്ട്. വിശുദ്ധ മാർപാപ്പയുടെ ചാക്രിക ലേഖനങ്ങളും കത്തുകളും കെസിബിസി മീഡിയ കമ്മീഷന്റെ നേതൃത്വത്തിൽ ആംഗ്യഭാഷയിലേക്ക് വിവർത്തനം ചെയ്തു. ഇന്ത്യയിൽ ആദ്യമായി സോൾ എന്ന യൂട്യൂബ് ചാനലിലൂടെ ഇവരിലേക്ക് എത്തിക്കാനും സിസ്റ്ററിനു കഴിഞ്ഞു. എല്ലാ വർഷവും സംസ്ഥാന ലോഗോസ് ബൈബിൾ ക്വിസിൽ ബധിരരായ യുവതീയുവാക്കളെയും കുട്ടികളെയും പങ്കെടുപ്പിക്കാൻ സിസ്റ്ററിനായി. വർഷംതോറും മുരിങ്ങൂർ ഡിവൈൻ ധ്യാനകേന്ദ്രത്തിൽ ബധിരർക്കായി ബൈബിൾ കൺവൻഷൻ നടത്താനും സിസ്റ്റർ ഉണ്ട്.

മൂക കഥാപാത്രങ്ങളെ പൂർണതയിലെത്തിക്കാൻ സിനിമാക്കാരും സിസ്റ്ററെ തേടിയെത്തി. രാവണൻ, സ്പിരിറ്റ്, ഊമപ്പെണ്ണിന് ഉരിയാടാപയ്യൻ എന്നീ സിനിമകളിലെ അഭിനേതാക്കളെ ആംഗ്യഭാഷ പഠിപ്പിച്ചതും സിസ്റ്റർ അഭയയാണ്. ആത്മീയ രാജന്റെ പുറത്തിറങ്ങാനിരിക്കുന്ന ചിത്രത്തിലും അവരെ ആംഗ്യഭാഷ പഠിപ്പിച്ചു കൊടുത്തതും സിസ്റ്റർ തന്നെയാണ്.

2020ലെ ബധിര സ്നേഹ അവാർഡ്, 2021ലെ സമദൃഷ്ടി സക്ഷമ അവാർഡ് തുടങ്ങിയ അംഗീകാരങ്ങളും സിസ്റ്ററിനെ തേടിയെത്തി.

രാഷ്ട്രീയ ഇടപെടൽ ആവശ്യമില്ല: സിഎൻഎ

കൊച്ചി: സീറോ മലബാർ സഭയിലെ കുർബാന വിഷയവുമായി ബന്ധപ്പെട്ട തർക്കങ്ങൾ പരിഹരിക്കാൻ സഭാ സംവിധാനങ്ങൾ ഉള്ളപ്പോൾ രാഷ്ട്രീയ പാർട്ടികൾ ഇതിൽ കൈകടത്തുന്നത് തെറ്റായ സന്ദേശം നൽകുമെന്ന് കാത്തലിക് നസ്രാണി അസോസിയേഷൻ (സിഎൻഎ). വിഷയത്തിൽ രാഷ്ട്രീയ ഇടപെടലുകൾ ആവശ്യമില്ലെന്നും ഭാരവാഹികളായ ഡോ. എം.പി. ജോർജ്, ജോസ് പാറേക്കാട്ടിൽ, ഷൈബി പാപ്പച്ചൻ എന്നിവർ പത്രസമ്മേളനത്തിൽ പറഞ്ഞു.

ലേക്ഷോറിൽ 'ആവാസ്' പ്രവർത്തനമാരംഭിച്ചു

കൊച്ചി: ശ്വാസനാള-അന്നനാള രോഗങ്ങളുടെയും ശബ്ദവൈകല്യങ്ങളുടെയും രോഗനിർണയത്തിനും ചികിത്സയ്ക്കുമായി കേരളത്തിലെ ആദ്യ അഡ്വാൻസ്ഡ് സെന്റർ ഫോർ എയർവേ, വോയ്സ്, ആൻഡ് സ്വാളോവിംഗ് (ആവാസ്) കൊച്ചി വിപിഎസ് ലേക്ഷോറിൽ ആരംഭിച്ചു. ശബ്ദനാളം, അന്നനാളം എന്നിവയുടെ പ്രവർത്തനത്തെ ബാധിക്കുന്ന എല്ലാ അസുഖങ്ങളുടെയും ചികിത്സ ഒറ്റ കുടക്കീഴിൽ ലഭ്യമാക്കുന്നതാണു സെന്റർ.

നടിയും ടെലിവിഷൻ അവതാരകയുമായ ജ്യുവൽ മേരി ഉദ്ഘാടനം ചെയ്തു. ആശുപത്രി മാനേജിംഗ് ഡയറക്ടർ എസ്.കെ. അബ്ദുള്ള അധ്യക്ഷത വഹിച്ചു.

വോക്കൽ കോർഡിനെ ബാധിക്കുന്ന അസുഖങ്ങൾ, വിഴുങ്ങാനുള്ള ബുദ്ധിമുട്ടുകൾ (ഡിസ്ഫാജിയ), വിട്ടുമാറാത്ത ചുമ, എയർവേ സ്റ്റെനോസിസ്, സംസാര വൈകല്യങ്ങൾ, തൊണ്ടയിലെ കാൻസർ തുടങ്ങിയ അവസ്ഥകളാൽ ബുദ്ധിമുട്ടുന്ന രോഗികൾക്ക് സമഗ്ര പരിചരണം ആണ് ആവാസ് പ്രധാനം ചെയ്യുന്നത്.


കൊച്ചി വിപിഎസ് ലേക്ഷോറിൽ ആരംഭിച്ച അഡ്വാൻസ്ഡ് സെന്റർ ഫോർ എയർവേ, വോയ്സ്, ആൻഡ് സ്വാളോവിംഗ് (ആവാസ്) നടി ജ്യുവൽ മേരി ഉദ്ഘാടനം ചെയ്യുന്നു.

നോട്ടീസ്

നമ്പർ : RDOMVP/2539/2024-A6
സബ് ഡിവിഷണൽ മജിസ്ട്രേറ്റ് കോടതി മൂവാറ്റുപുഴ, മിനി സിവിൽ സ്റ്റേഷൻ, മുടവൂർ പി.ഒ.
E-mail : rdomvp@gmail.com
തീയതി : 28.01.2025

നോട്ടീസ്

എറണാകുളം ജില്ല കോതമംഗലം താലൂക്ക് കുട്ടമ്പുഴ വില്ലേജ് വടാട്ടുപാറ കരയിൽ പുലിമലയിൽ വീട്ടിൽ തോമസ് മകൻ ശ്രീ. ജോർജ്ജ് തോമസ് എന്നയാളെ 21.02.2012 തീയതി മുതൽ കാണാതായതാണെന്നറിയുന്നു. ടിയാനെ പ്രസ്തുത തീയതി മുതൽ കാണാനില്ലെന്ന സാക്ഷ്യപത്രത്തിനായി ടിയാന്റെ ഭാര്യയായ ശ്രീമതി. മേരി ജോർജ്ജ് അപേക്ഷ സമർപ്പിച്ചിട്ടുള്ളതാണ്. ആകയാൽ ടിയാനെ സംബന്ധിച്ച വിവരങ്ങൾ ലഭ്യമെങ്കിൽ പ്രസ്തുത വിവരമോ സർട്ടിഫിക്കറ്റ് അനുവദിയ്ക്കുന്നതിൽ ആക്ഷേപങ്ങൾ ഉള്ളപക്ഷം പ്രസ്തുത വിവരങ്ങളോ രേഖാമൂലം ഈ നോട്ടീസ് പ്രസിദ്ധീകരിച്ച തീയതിയിൽ നിന്നും 15 ദിവസങ്ങൾക്കകം ചുവടെ ഒപ്പ് ചേർത്തിരിയ്ക്കുന്നയാൾ മുമ്പാകെ ലഭ്യമാക്കണമെന്നും അല്ലാത്തപക്ഷം ടിയാനെക്കുറിച്ച് യാതൊരു വിവരങ്ങളും ലഭ്യമല്ലെന്ന നിഗമനത്തിൽ സർട്ടിഫിക്കറ്റ് അനുവദിയ്ക്കുന്നതായിരിയ്ക്കുമെന്ന വിവരവും ഇതിനാൽ സകലമാനപേരെയും അറിയിക്കുന്നു.

സബ് ഡിവിഷണൽ മജിസ്ട്രേറ്റ്,
മൂവാറ്റുപുഴ

E2501-553883

CHANGE OF NAME

CHANGE OF NAME
I, Mohanan P.K. S/o Kittu Puthankudy House, Nellikuzhi P.O., Kothamangalam, Pin-686691. That in my son Syam Mohan's 10th and 12th CBSE Certificates are mentioned as Mohan P.K. and P.K. Mohanan respectively. Hereby changes my name in the above mentioned certificates of my son to Mohanan P.K.

E2501-553873

CHANGE OF NAME
I, Sheeba M.T. w/o Mohanan P.K., Puthankudy House Nellikuzhi P.O., Kothamangalam, Pin-686691. That in my son Syam Mohan's 10th and 12th and CBSE Certificates are mentioned as Sheeba and Sheeba Mohan respectively. Hereby changes my name in the above mentioned certificates of my son to Sheeba M.T.

E2501-553874

അറിയിപ്പ്

അറിയിപ്പ് വാഴക്കുളം വില്ലേജ് റീസർവ്വെ ബ്ലോക്ക് 24ൽ റീസർവ്വെ 382/8-2 നമ്പരിൽ 3 ആർ 81 സ്ക്വയർ മീറ്റർ വസ്തുവിന്റെ പ്രമാണങ്ങളായ പെരുമ്പാവൂർ SRO യിലെ 1-ാം പുസ്തകം 1821-ാം വാല്യം 209 മുതൽ 211 വരെ വശങ്ങളിൽ രജിസ്റ്റർ ചെയ്ത 7356-ാം നമ്പർ ധനനിശ്ചയാധാരം തിരിച്ച് കിട്ടാനാവാത്ത വിധം നഷ്ടപ്പെട്ട് പോയിട്ടുള്ളതാണ്. പ്രസ്തുത വസ്തു രജിസ്റ്റർ ചെയ്യാൻ ഉദ്ദേശിക്കുന്നു. ആർക്കെങ്കിലും ആക്ഷേപമുള്ള പക്ഷം 7 ദിവസത്തിന് മുമ്പായി രജിസ്റ്റർ ആഫീസിലോ താഴെ കാണുന്ന വിലാസത്തിലോ അറിയിക്കുവാൻ താൽപര്യപ്പെടുന്നു.

എന്ന്, രാജേഷ് ആർ., പുള്ളിയിൽ വീട്, ചെമ്പറക്കി, സൗത്ത് വാഴക്കുളം.
10.02.2024, വാഴക്കുളം

E2501 553856

നോട്ടീസ്

കനറാ ബാങ്ക് Canara Bank
കാലടി ശാഖ, H to M ബിൽഡിംഗ്, എം. സി റോഡ്, കാലടി, എറണാകുളം-683574,
Ph: 0484 2698555, Email : cb2921@canarabank.com

കൈവശ നോട്ടീസ് [സെക്ഷൻ 13(4)] സ്ഥാവര വസ്തുവിന്

സെക്യൂരിറ്റൈസേഷൻ ആന്റ് റീ കൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസെറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്റസ്റ്റ് ആക്ട് 2002 (Act 54 of 2002) പ്രകാരം അധികാരം കിട്ടിയിട്ടുള്ള കനറാ ബാങ്കിന്റെ അധികാരപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥൻ എന്ന നിലയിൽ മേൽപറഞ്ഞ ആക്ട് സെക്ഷൻ 13(12), സെക്യൂരിറ്റി ഇന്റസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസ് 2002 റൂൾ 3 പ്രകാരം വായ്പ എടുത്ത വായ്പക്കാർ/ജാമ്യക്കാർ/പണയക്കാരായ **1. ശ്രീ. അനിൽകുമാർ. കെ. പി & 2. മിസ്. സ്മിത അനിൽകുമാർ** W/o. അനിൽകുമാർ. കെ. പി , ഇരുവരും താമസം : കരിയാംപിള്ളി ഹൗസ്, ഇല്ലിത്തോട്, മലയാറ്റൂർ, എറണാകുളം- 683587 എന്നിവർക്ക് കുടിശ്ശിക തുകയായ **രൂപ 13,34,825.10 [പതിമൂന്ന് ലക്ഷത്തി മുപ്പത്തി നാലായിരത്തി എണ്ണൂറ്റി ഇരുപത്തി അഞ്ച് രൂപ പത്ത് പൈസ)** 60 ദിവസത്തിനകം തിരിച്ചടയ്ക്കുന്നതിന് ഒരു ഡിമാന്റ് നോട്ടീസ് **02-11-2024** ൽ അയച്ചിരുന്നു.

വായ്പക്കാർ/ജാമ്യക്കാർ/പണയക്കാർ പ്രസ്തുത സമയത്തിനകം തുക അടയ്ക്കാൻ വീഴ്ച വരുത്തിയതിനെ തുടർന്ന് മേൽപറഞ്ഞ ആക്ടിലെ സെക്ഷൻ 13 (4), ടി റൂൾസിലെ റൂൾ 8 - ഉം, 9 - ഉം പ്രകാരമുള്ള അധികാരമുപയോഗിച്ച് താഴെ പട്ടികയിൽ കൊടുത്തിരിക്കുന്ന സ്ഥാവര വസ്തു ഇന്നേ ദിവസം **2025 ജനുവരി 28** ന് കൈവശമെടുത്തിരിക്കുന്നതായി വായ്പക്കാരെ പ്രത്യേകിച്ചും ജനങ്ങളെ പൊതുവായും ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

ഈ വസ്തുവിൽ യാതൊരുവിധ ഇടപാടുകളും നടത്തരുതെന്ന് വായ്പക്കാർ/ജാമ്യക്കാർ/പണയക്കാരെ പ്രത്യേകിച്ചും ജനങ്ങളെ പൊതുവായും ഇതിനാൽ മുന്നറിയിപ് നൽകുന്നു. ഈ വസ്തുവിലുള്ള ഏതൊരു ഇടപാടും കനറാ ബാങ്ക് **കാലടി ശാഖയ്ക്ക്** കിട്ടാനുള്ള കുടിശ്ശിക തുകയായ **രൂപ 13,20,153.10 [പതിമൂന്ന് ലക്ഷത്തി ഇരുപതിനായിരത്തി ഒരുനൂറ്റി അൻപത്തി മൂന്ന് രൂപ പത്ത് പൈസ)** [ബ്രാഞ്ച് : A/c No.160000245553 : 01.01.2025 ലെ കുടിശ്ശിക തുകയായ രൂപ3,42,098.56 & A/c No. 2921619002118 : 20.01.2025 ലെ കുടിശ്ശിക തുകയായ രൂപ 9,78,054.24] യ്ക്കും പലിശയ്ക്കും വിധേയമായിരിക്കും.

ടി ബാദ്ധ്യതയിൽ നിന്നും സെക്യൂരഡ് അസറ്റ് ഒഴിവിച്ചെടുക്കുന്നതിനുള്ള കാലാവധിയെ സംബന്ധിച്ച് സർഫേസി നിയമത്തിന്റെ വകുപ്പ് 13(8) ൽ നിഷ്കർഷിച്ചിട്ടുള്ള വസ്തുതകളിലേയ്ക്ക് കൂടി കടക്കാരുടെ ശ്രദ്ധ ക്ഷണിച്ചുകൊള്ളുന്നു.

സ്ഥാവര വസ്തുവിന്റെ വിശദവിവരങ്ങൾ

എറണാകുളം ജില്ലയിൽ, ആലുവ താലൂക്കിൽ, മലയാറ്റൂർ വില്ലേജിൽ, ബ്ലോക്ക് നം.22 ൽ റീ സർവേ നം.115/3-1 പ്രഴയ സർവേ നം.29/1) ൽ പെട്ട ശ്രീമതി.സ്മിത അനിൽകുമാർ പേരിലുള്ള 3.08 ആർസ് സ്ഥലവും അതിലുള്ള സകലവിധ അവകാശങ്ങളുമാകുന്നു. **അതിരുകൾ ലൊക്കേഷൻ പ്ലാൻ പ്രകാരം: കിഴക്ക്:** സുബ്രഹ്മണ്യൻ വട്ടപ്പാറ വക വസ്തു; **തെക്ക്** : സുബ്രഹ്മണ്യൻ വട്ടപ്പാറ വക വസ്തു; **പടിഞ്ഞാറ്** : ചെന്നശ്ശേരി മേരി & സെബാസ്റ്റ്യൻ വക വസ്തു; **വടക്ക്** : റോഡ്. CERSAI ID: 400036001577

തീയതി : 28.01.2025 (ഒപ്പ്) അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ,
സ്ഥലം : കാലടി കനറാ ബാങ്ക്.

E2501-553859

കേരള സർക്കാർ ദർഘാസുകൾ

കോളേജ് വിദ്യാഭ്യാസ വകുപ്പ്

വിൻഡോ നം : iprd 25m 35 • ദർഘാസ് നം : A2/2811/ Chemicals/2024-25 • പ്രിൻസിപ്പാൾ, ശ്രീ നീലകണ്ഠ സർക്കാർ സംസ്കൃത കോളേജ്, പട്ടാമ്പി, പാലക്കാട് -679306, ഫോൺ: 0466-2212223 • ദർഘാസ് - ബോട്ടണി വകുപ്പിലേക്ക് ആവശ്യമായ ലാബ് ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിന് • ദർഘാസ് ഫോറത്തിന്റെ വില :760/- • നിരതദ്രവ്യം: 1% • ഫോറം വിൽക്കുന്ന അവസാന തീയതി: 15/02/2025, 11 മണി • ദർഘാസ് സ്വീകരിക്കുന്ന അവസാന തീയതി : 15/02/2025, 1 മണി • അടങ്കൽ : 2,00,000/-

ആരോഗ്യ കുടുംബക്ഷേമ വകുപ്പ്

വിൻഡോ നം:iprd 25/m 36 • ദർഘാസ് നം: സി2-E-1245166/25 • സൂപ്പ്, ജനറൽ ആശുപത്രി, മൂവാറ്റുപുഴ, എറണാകുളം, ഫോൺ- 0485- 2836544, 2832360 • ദർഘാസ്- ആശുപത്രി മോർച്ചറിയിലേയ്ക്ക് പോസ്റ്റമോർട്ടം ചെയ്യുന്നതിനാവശ്യമായ സാധനങ്ങൾ 01/03/2025 മുതൽ 28/02/2026 വരെയുള്ള കാലയളവിൽ വിതരണം ചെയ്യുന്നതിന് • ദർഘാസ് ഫോറത്തിന്റെ വില : 600+ GST 108/- • നിരതദ്രവ്യം : 1% • ഫോറം വിൽക്കുന്ന അവസാന തീയതി : 22/02/2025, 12 മണി • ദർഘാസ് സ്വീകരിക്കുന്ന അവസാന തീയതി : 22/02/2025, 1 മണി • അടങ്കൽ : 3,00,000/-

പൊതു വിദ്യാഭ്യാസ വകുപ്പ്

വിൻഡോ നം :iprd 25/m 37 • ദർഘാസ് നം. F 80/2024 • പ്രിൻസിപ്പാൾ, ജി വി എച്ച് എസ് എസ് (സ്പോർട്സ്), കണ്ണൂർ, സിവിൽ സ്റ്റേഷൻ പി.ഒ, ഫോൺ- 0497 2712921,9847401929 • ദർഘാസ്- എമർജൻസി മെഡിക്കൽ ടെക്നീഷ്യൻ കോഴ്സിലേക്ക് ലാബ് ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിന് • ദർഘാസ് ഫോറത്തിന്റെ വില : 850/- • നിരതദ്രവ്യം : 3400/- • ഫോറം വിൽക്കുന്ന അവസാനതീയതി : 08/02/2025, 4 മണി • ദർഘാസ് സ്വീകരിക്കുന്ന അവസാന തീയതി: 10/02/2025, 12 മണി • അടങ്കൽ : 3,36,150/-

ഒരോ ദർഘാസ് പരസ്യത്തിന്റെയും പൂർണരൂപം അതത് ഓഫീസുകളിൽ ലഭ്യമാണ്. വിശദവിവരങ്ങൾക്ക് notice board.kerala.gov.in/tenderസന്ദർശിക്കുക.

R.O. No. 15/G2/2025/PRD.

R2501-553866

KERALA STATE HOUSING BOARD

KSHB–Annual Maintenance Contract of Lifts 2 Nos lifts KSHB Head Office Building, 1 No Lift KSHB Office Complex Lower Zone Building and 1 No Lift Office Cum Shopping Complex Building Balaramapuram – (Total 4 Nos Lifts –1 Year –AMC) E–Tender No: Tvdn/DB/Ele/06/2024–2025. Last Date of receipt of Tender: 10.02.2025. Classification of Bidder: Having Electrical inspectorate Lift Installation /Maintenance licence and minimum 5 years AMC Experience. For further details– www.etenders.kerala.gov.in.Ph.0471 2536325.
kshbtvmdivision@gmail.com. SD/–
KSHB-HO/240/2024-PR1 EXECUTIVE ENGINEER

R2501-553865

നോട്ടീസ്

SBI ഭാരതീയ സ്റ്റേറ്റ് ബാങ്ക്
കച്ചേരിത്താഴം മൂവാറ്റുപുഴ ശാഖ
മുനിസിപ്പൽ ഷോപ്പിംഗ് കോംപ്ലക്സ് ബിൽഡിംഗ്സ്, കച്ചേരിത്താഴം, മൂവാറ്റുപുഴ. പി. ഒ., മൂവാറ്റുപുഴ-686 661, എറണാകുളം. ഫോൺ: 0485-2835362, 2830709
ഇ-മെയിൽ: sbi.70151@sbi.co.in

റൂൾ 8 (1) സ്ഥാവര സ്വത്ത് കൈവശപ്പെടുത്തൽ നോട്ടീസ്

സെക്യൂരിറ്റൈസേഷൻ ആന്റ് റീകൺസ്ട്രക്ഷൻ ഓഫ് ഫൈനാൻഷ്യൽ അസറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്റസ്റ്റ് ആക്ട് 2002 (54 of 2002) (ആക്ട്) ലെ സെക്ഷൻ 13(2) വകുപ്പും സെക്യൂരിറ്റി ഇന്റസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസ് 2002 ലെ റൂൾ 3 ഉപ പ്രകാരം ഭാരതീയ സ്റ്റേറ്റ് ബാങ്കിന്റെ അധികാരപ്പെട്ട ഉദ്യോഗസ്ഥൻ, വായ്പക്കാരനായ **ശ്രീ. അൻസാരി ടി. എസ്,** തൈപ്പറമ്പിൽ, അടൂപറമ്പ്, മൂവാറ്റുപുഴ പി.ഒ, എറണാകുളം- 686 661 എന്നയാൾക്ക് **25/11/2024**ന് അയച്ച ഡിമാന്റ് നോട്ടീസ് പ്രകാരം കിട്ടുവാനുള്ള കുടിശ്ശിക തുകയായ **രൂപ 34,49,588/- (മുപ്പത്തിനാല് ലക്ഷത്തി നാൽപത്തി ഒൻപതിനായിരത്തി അഞ്ഞൂറ്റി എൺപത്തി എട്ട് രൂപ)** യും ടി നോട്ടീസ് കൈപ്പറ്റി 60 ദിവസത്തിനകം തിരിച്ച് അടയ്ക്കണമെന്ന് ആവശ്യപ്പെട്ടതാണ്.

ടി വായ്പക്കാരൻ പ്രസ്തുത സമയത്തിനകം മുഴുവൻ തുകയും തിരിച്ചടയ്ക്കുവാൻ വീഴ്ച വരുത്തിയതിനാൽ മേൽപറഞ്ഞ ആക്ടിലെ സെക്ഷൻ 13 (4) റൂൾ 8 പ്രകാരം ബാങ്ക് അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ താഴെ പട്ടികയിൽ കൊടുത്തിരിക്കുന്ന സ്ഥാവര വസ്തു **2025 ജനുവരി മാസം 27** – ാം തീയതി കൈവശപ്പെടുത്തിയിരിക്കുന്നതാണെന്നും ടി വസ്തുവിന്മേൽ യാതൊരുവിധ ഇടപാടുകളും നടത്തുവാൻ പാടുള്ളതല്ല എന്ന് വായ്പക്കാരനെ പ്രത്യേകിച്ചും പൊതുജനങ്ങളെ പൊതുവായും ഇതിനാൽ അറിയിച്ചുകൊള്ളുന്നു. ഈ വസ്തുവിന്മേലുള്ള ഏതൊരു ഇടപാടും **ഭാരതീയ സ്റ്റേറ്റ് ബാങ്കിന്** കിട്ടുവാനുള്ള തുകയായ **രൂപ 35,07,014/-**യ്ക്കും പലിശയ്ക്കും വിധേയമായിരിക്കും.

13 (8) – ാം വകുപ് അനുശാസിക്കുന്ന സമയപരിധിക്കുള്ളിൽ മുഴുവൻ ബാധ്യതയും തീർത്ത് പണയവസ്തു കടക്കാർക്ക് വിടുതൽ ചെയ്ത് എടുക്കാവുന്നതാകുന്നു.

സ്ഥാവര വസ്തുവിന്റെ വിശദ വിവരണം

എറണാകുളം ജില്ല, മൂവാറ്റുപുഴ താലൂക്ക്, മുളവൂർ വില്ലേജിൽ സർവേ നം. 1044/20/11/2ൽ പെട്ട ശ്രീ. അൻസാരി ടി.എസ്. എന്നയാളുടെ പേരിലുള്ള 3.30 ആർ സ്ഥലവും അതിലിരിപ് കെട്ടിടവും മറ്റു സകലവിധ അവകാശങ്ങളുമാകുന്നു. **അതിരുകൾ: വടക്ക്:** ഹെൽത്ത് സെന്റർ - മുങ്ങചാലിൽ റോഡ്; **കിഴക്ക്:** മുങ്ങചാലിൽ - എനല്ലിക്കുന്ന് റോഡ്; **തെക്ക്:** മനീഷ് വക വസ്തു; **പടിഞ്ഞാറ്:** നടവഴി.

തീയതി: 27-01-2025 (ഒപ്പ്, അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ,
സ്ഥലം: മൂവാറ്റുപുഴ ഭാരതീയ സ്റ്റേറ്റ് ബാങ്ക്.

E2501-553881

ദി സൗത്ത് ഇൻഡ്യൻ ബാങ്ക് ലിമിറ്റഡ്, റീജിയണൽ ഓഫീസ്, ഇരിങ്ങാലക്കുട.

SOUTH INDIAN Bank
എ.കെ.പി. സെന്റർ, ക്രൈസ്റ്റ് കോളേജ് റോഡ്, ക്രൈസ്റ്റ് നഗർ, ഇരിങ്ങാലക്കുട-680125. ഫോൺ: 0480-2829336. ഇ-മെയിൽ: ro1017@sib.co.in

ഇ-ലേല വിൽപന നോട്ടീസ്

**സെക്യൂരിറ്റൈസേഷൻ ആന്റ് റീ കൺസ്ട്രക്ഷൻ ഓഫ് ഫൈനാൻഷ്യൽ അസറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്റസ്റ്റ് ആക്ട് 2002 ഉം സെക്യൂരിറ്റി ഇന്റസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസ് 2002 ലെ റൂൾ